

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

## HAZRAT AMIR'UL MOMENEEN MUHYI-UD-DIN MUNIR AHMAD AZIM (atba)

## 03 August 2007

## (Summary of the Sermon)

## WARNING FOR THOSE WHO HAVE TURNED
## പിന്തിരിഞ്ഞവർക്കുള്ള മുന്നറിയിപ്പ്

ഹസ്രത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം (atba) 2007 ആഗസ്റ്റ് 03-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംഅ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശഹ്ഹ്ദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധ ഖുർആനിലെ 14-ാം അധ്യായം **സൂറ ഇബ്റാഹീം-ലെ** 43, 47, 48 വചനങ്ങളും 16-ാം അധ്യായം **സൂറ അന്നഹ്ൽ-** നിന്നും 128, 129 വചനങ്ങളും ഓതി വിശദീകരണം നല്കുകയുണ്ടായി.

**43. അക്രമികൾ (14:43)പ്രവർത്തിക്കുന്ന ചെയ്തികളെ സംബന്ധിച്ച് അല്ലാഹു അശ്രദ്ധനാണെന്ന് നീ ഒരിക്കലും ധരിച്ചുപോകരുത്. കണ്ണുകൾ തുറിച്ച് മേല്പോട്ട് നോക്കുന്ന ഒരു ദിവസത്തേക്ക് അവർക്ക് അവസരം നീട്ടിക്കൊടുക്കുക മാത്രമാണ് അവൻ ചെയ്യുന്നത്. (14:43)**

അല്ലാഹുവിനും അവന്റെ ദൂതനും എതിരെ പുറം തിരിഞ്ഞോടുന്നവർക്കുള്ള ഒരു ശക്തമായ താക്കീതാണ് ഈ വചനത്തിൽ ഉള്ളത്. അവർ തുടക്കത്തിൽ അല്ലാഹുവിന്റെ ദൂതൻ അവർക്കു പകർന്നു നല്കിയ സന്ദേശങ്ങളിൽ വിശ്വസിക്കുന്നതായി നടിച്ചു. പിന്നീട്, കുറെ നാൾകഴിഞ്ഞപ്പോൾ അവർ പ്രവാചകനെതിരിൽ ഗ്രൂപ്പു ചേർന്ന് കുതന്ത്രങ്ങൾമെനയാൻ തുടങ്ങി. പിന്നീട് തിരുമേനിയെ കളിയാക്കാനും പരിഹസിക്കാനും തുടങ്ങി. ഇത് തിരുനബി(സ) അവർക്ക് പകർന്നു നല്കിയ ദിവ്യവെളിപാടുകളെ കൂലങ്കഷമായി പരിശോധിച്ചതിനു ശേഷമായിരുന്നു അവർ ആ വെളിപാടുകളെയും പരിഹസിച്ചു തുടങ്ങിയത്. അവരുടെ മോശം പ്രവൃത്തികളെ ഈ വചനത്തിലൂടെ അല്ലാഹു ശക്തമായി

താക്കീതു നല്കുന്നു. അവർ കരുതിയത് അവർക്ക് തോന്നുന്നതു പോലെ എന്തും ചെയ്യാമെന്നാണ്. പക്ഷേ, അല്ലാഹു അവർക്ക് യാതൊരു പരിഗണനയും നല്കുന്നില്ല. അവിശ്വാസികൾ മുഴുവൻ പ്രവാചകൻ (സ)യോട് കടുത്ത് ദേഷ്യത്തിലായിരുന്നു. അദ്ദേഹത്തിന് ലഭിച്ച വെളിപാടുകൾ അംഗീകരിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല.

എന്നാൽ ചില ആളുകൾ നല്ലവരാണെന്ന് അല്ലാഹു പറയുന്നു. അവർ അല്ലാഹുവിലും, അവന്റെ പ്രവാചകനിലും വിശ്വസിക്കുകയും, അല്ലാഹുവിന്റെ കല്പനകൾക്കും, നിർദ്ദേശങ്ങൾക്കും അവർ തങ്ങളെത്തന്നെ സ്വയം സമർപ്പിക്കുകയും ചെയ്തവരാണ്.

അങ്ങനെയുള്ള വിശ്വാസികളെ അവിശ്വാസികൾ കാണാനിടയായപ്പോൾ ഇവർ അവരെ ഉപദ്രവിക്കാനും, ശല്യപ്പെടുത്താനും തുടങ്ങി. പ്രവാചകൻ (സ) ചെയ്ത തെറ്റെന്തായിരുന്നു?

അല്ലാഹുവിന്റെ സന്ദേശം അവർക്ക് പകർന്നു നല്കിയപ്പോൾ അദ്ദേഹം (പ്രവാചകൻ(സ) അവരിൽ നിന്ന് പ്രതിഫലമായി പണം വാങ്ങിയില്ല. അദ്ദേഹം തനിക്ക് എന്തെങ്കിലും അലവൻസുകളോ, ശമ്പളമോ ഒന്നും ചോദിച്ചില്ല. അദ്ദേഹം ആരെക്കുറിച്ചും മോശമായി ഒരു വാക്കും പറഞ്ഞില്ല. മറിച്ച്, അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുക മാത്രമാണ് ചെയ്തത്. അതായത് അല്ലാഹു അദ്ദേഹത്തിന് വെളിപ്പെടുത്തിയവ തന്റെ സ്രഷ്ടാവായ അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ചായിരുന്നു അദ്ദേഹം സംസാരിച്ചിരുന്നത്.

തിരുനബി(സ)യ്ക്കു മുമ്പ്, കഴിഞ്ഞകാലങ്ങളിൽ നിയോഗിതരായ പ്രവാചകന്മാരും, അവരവരുടെ ജനതയ്ക്ക് പകർന്നു നല്കിയതും ഇതേ സന്ദശേമായിരുന്നു. തങ്ങളെ മുന്നറിയിപ്പുകാരായി അയച്ചിരിക്കുന്നു എന്ന് അവരോട് പറയുവാൻ അല്ലാഹു(ത) ആ പ്രവാചകന്മാരോട് പറഞ്ഞു. അവർ എല്ലാവരും തന്നെ അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് സംസാരിക്കുവാൻ വന്നവരായിരുന്നു. അല്ലാഹു മാത്രമാണ് വിശ്വാസം നല്കുവാൻ കഴിവുള്ള ഒരേ ഒരാൾ.

ഒരു പ്രവാചകൻ ഒരിയ്ക്കലും മനുഷ്യരാൽ തെരഞ്ഞെടുക്കപ്പെടുകയല്ല ചെയ്യുന്നത്. അല്ലാഹു മാത്രമാണ് അവന്റെ ദൂതനെ നിശ്ചയിക്കുകയും, തെരഞ്ഞെടുക്കുകയും, നിയോഗിക്കുകയും ചെയ്യുന്നത്. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന പ്രവാചകന്റെ ഒരേ

യൊരു ജോലി അല്ലാഹുവിന്റെ ഏകത്വത്തെ ജനങ്ങൾക്കിടിയിൽ എത്തിക്കുക എന്നതു മാത്രമാണ്. അല്ലാഹുവിന്റെ നിർദ്ദേശങ്ങളനുസരിച്ച് ചലിക്കുകയാണ് പ്രവാചകന്റെ കടമ. തന്റെ ദൂതന്റെ ഒരേയൊരു മാർഗ്ഗദർശി അല്ലാഹു മാത്രമാണ്. അദ്ദേഹം അല്ലാഹുവിന്റെ ആജ്ഞകൾക്കും, കല്പനകൾക്കും സ്വയം സമർപ്പിക്കുന്നു. അല്ലാഹുവിനെ അനുസരിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ഉത്തരവാദിത്തം. സൃഷ്ടിയുടെ തുടക്കം മുതൽ ഭൂമുഖത്തു വന്നുകൊണ്ടിരുന്ന പ്രവാചകന്മാർ എല്ലാവരും തങ്ങളുടെ ജനതയുമായി നേരിട്ട് സംവദിച്ചിരുന്നു. തങ്ങളുടെ ജനതയെ നേർവഴിയിൽ തിരികെ കൊണ്ടുവരുന്നതിനായി അവർ വീടുവീടാന്തരം കയറിയിറങ്ങി ജനങ്ങളെ ബോധവത്ക്കരിച്ചിരുന്നു. ഇങ്ങനെ ജനങ്ങളിലേക്കിറങ്ങിച്ചെന്ന പ്രവാചകരിൽ ഭൂരിഭാഗം പേർക്കും നല്ല സ്വീകരണമല്ല ലഭിച്ചത്. ഒട്ടനവധി പീഡനങ്ങളും, പരിഹാസങ്ങളും, കളിയാക്കലിനും, ബഹിഷ്കരണത്തിനും ഒക്കെ അവർ ഇരയാക്കപ്പെട്ടു. തങ്ങളുടെ ഇഷ്ടങ്ങളുമായി മുന്നോട്ടുപോകുന്നതിന്, പ്രവാചകരുടെ വെളിപാട് സന്ദേശങ്ങൾ തടസ്സം നില്ക്കുന്നു എന്ന് മനസ്സിലാക്കിയ അവിശ്വാസികൾ പ്രവാചകർക്കെതിരെ തിരിഞ്ഞു. എന്നാൽ അല്ലാഹുവിന്റെ ദൂതരാകട്ടെ, യാതൊരുവിധ പരിഭവമോ, പരാതിയോ കൂടാതെ, ഈ കഷ്ടപാടുകളെയും, ബുദ്ധിമുട്ടുകളെയും അവ എത്ര തന്നെ ഗുരുതരമായിരുന്നാലും ശരി-സർവ്വാത്മനാ സ്വീകരിച്ചു.

തങ്ങൾക്കെല്ലാവർക്കും ഒരു ദിവസം അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി തങ്ങളുടെ കർമ്മങ്ങളുടെ കണക്കു ബോധിപ്പിക്കേണ്ടി വരും എന്ന് അല്ലാഹുവിന്റെ ദൂതൻ(സ) അവരോട്, പറഞ്ഞപ്പോൾ അവർ അദ്ദേഹത്തെ കള്ളനെന്നും, മാനസികവിഭ്രാന്തി ബാധിച്ചവനെന്നും, വിഷാദരോഗിയെന്നു വിളിച്ചാക്ഷേപിച്ചു. ഈ സന്ദേശങ്ങൾ അവിശ്വാസികളെ അത്യധികം ചൊടിപ്പിക്കുകയും, അവർ അദ്ദേഹത്തിനെതിരിൽ തന്ത്രങ്ങൾ മെനയാൻ ആരംഭിക്കുകയും ചെയ്തു. എന്നാൽ, അല്ലാഹു സദാ തന്റെ ദൂതന്റെ ഒപ്പമാണ്. അവിശ്വാസികൾ തങ്ങൾക്ക് തോന്നിയത് പോലെ എന്തുതന്നെ അദ്ദേഹത്തിനോട് പ്രവർത്തിച്ചാലും, അദ്ദേഹത്തിന് ഒന്നും സംഭവിക്കുകയില്ല. കാരണം അദ്ദേഹം എപ്പോഴും അല്ലാഹുവിന്റെ തണലിലാണ്.

**47. "അവർ തങ്ങളുടെ കുതന്ത്രങ്ങൾ പ്രയോഗിക്കുകയുണ്ടായി. അവരുടെ കുതന്ത്രങ്ങൾ (അവയെ സംബന്ധിച്ച**

അറിവ്) അല്ലാഹുവിന്റെ അടുക്കലുണ്ട്. (അവൻ അവയെ പരാജയപ്പെടുത്തുക തന്നെ ചെയ്യും) അവരുടെ തന്ത്രം നിമിത്തം പർവ്വതങ്ങൾ സ്ഥാനംതെറ്റി പോകമാറായിരുന്നാലും ശരി" (14:47)

അല്ലാഹു ഒരിയ്ക്കലും തന്റെ പ്രവാകന് ഒരു സിംഹാസനമോ, ആഡംബരതയുള്ള ഉന്നത ഇരിപ്പിടമോ നല്കില്ല. ഒരു പ്രവാചകൻ ഒരിയ്ക്കലും ഒരിടത്ത് വിശാലമായിരുന്ന് മറ്റുള്ളവർക്ക് നിർദ്ദേശങ്ങൾ നല്കുകയല്ല ചെയ്യുന്നത്. അവർ വളരെ വിനീതരാണ്. സാധാരണക്കാരെ പോലെ തന്നെയാണ് അവരും. അവർ തങ്ങളുടെ ജോലികളെല്ലാം സ്വയം ചെയ്യുന്നവരാണ്. അവർ ഒരിയ്ക്കലും അഹംഭാവികളേയല്ല. അതുകൊണ്ട് ഇത്തരം ഒരു ആൾ താൻ അല്ലാഹുവിന്റെ പ്രവാചകനാണ് എന്ന് വാദിക്കുമ്പോൾ ആളുകൾക്ക് ഇത് അംഗീകരിക്കാൻ സാധിക്കില്ല. അവരെ സംബന്ധിച്ചിടത്തോളം ഒരു പ്രവാചകൻ ഡിഗ്രീയൊക്കെയുള്ളയാളും, ഉന്നത കുലജാതനും ഒക്കെ ആയിരിക്കും. ഒരു സാധാരണ കുടുംബത്തിലുള്ള ആളെ അല്ലാഹുവിന്റെ ദൂതനായി അംഗീകരിക്കുന്നതിന് ബുദ്ധിജീവികൾ തയ്യാറാവുകയേയില്ല. അല്ലാഹുവിൽ നിന്നാണ് അറിവുകൾ വരുന്നത് എന്നവർ മറക്കുന്നു. അല്ലാഹുവാണ് താൻ ഇച്ഛിക്കുന്നവരെ തെരഞ്ഞെടുക്കപ്പെട്ടവരായി നിയോഗിക്കുന്നത്. അല്ലാഹു തെരെഞ്ഞെടുത്ത ഹസ്രത്ത് മുഹമ്മദ് (സ) ഇതിന് ഉത്തമ ഉദാഹരണമാണ്. അതിനാലാണ് അന്നത്തെ ജനങ്ങൾ അദ്ദേഹത്തെ ഇല്ലാതാക്കാൻ ശ്രമിച്ചത്. അവർ കരുത്തന്മാരായിരുന്നു. അതുപോലെതന്നെ അവരുടെ തന്ത്രങ്ങൾ കടുപ്പമേറിയതും. എത്രയെന്നുവച്ചാൽ അവരുടെ തന്ത്രങ്ങൾ നിമിത്തം പർവ്വതങ്ങളെ സ്ഥാനം തെറ്റിക്കുവാൻ പോലും കഴിയുമെന്ന് സാരം.

പക്ഷേ, അല്ലാഹു തന്റെ ദാസനോടൊപ്പമാണ്. പർവ്വതങ്ങളെ സ്ഥാനം തെറ്റിക്കുക എന്ന പ്രയോഗം കൊണ്ട് വിവക്ഷിതമായിരിക്കുന്നത് എതിരാളികൾ ശക്തരും, അവരുടെ കുതന്ത്രങ്ങൾ കടുപ്പമേറിയതും, അവർക്ക്, തിരുമേനി(സ)യോടുള്ള അമർഷം അങ്ങേയറ്റം ആയിരുന്നു എന്നാണ്. അല്ലാഹു തന്റെ പ്രവാചകനോടൊപ്പം ഇല്ലായിരുന്നുവെങ്കിൽ നിശ്ചയമായും അദ്ദേഹത്തെ അവർ ചാരമാക്കിയേനെ. പക്ഷേ, എപ്പോഴും അല്ലാഹു തന്റെ ദൂതനെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യും.

48. "അതിനാൽ അല്ലാഹുവിനെപ്പറ്റി തന്റെ ദൂതന്മാരോട് അവൻ ചെയ്ത വാഗ്ദാനം ലംഘിക്കുന്നവനാണെന്ന് നീ ഒരിയ്ക്കലും ധരിച്ചു പോകരുത്. അല്ലാഹു പ്രതാപശാലിയും ശിക്ഷാ

**നടപടികൾ കൈക്കൊള്ളുന്നവനുമാകുന്നു" (14:48)**

അല്ലാഹു(ത) ഈ വചനത്തിലൂടെ തിരുനബി(സ)യെ വീണ്ടും ആശ്വസിപ്പിക്കുകയാണ്. അല്ലാഹു(ത) തന്റെ ദൂതന്മാർക്കും, ദാസന്മാർക്കും (സൃഷ്ടികൾക്കും) നല്കുന്ന വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യില്ല. അവൻ നല്കിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിനുമുമ്പ്, അവൻ തന്റെ ദൂതന്മാരെ അവർ സഹനശീലരും, അല്ലാഹുവിൽ അടിയുറച്ച വിശ്വാസം അർപ്പിച്ചവരും ആണോ എന്നറിയുന്നതിനായി പലവിധ കഠിനപരീക്ഷണങ്ങൾക്കും വിധേയമാക്കുകയും ചെയ്യും. അല്ലാഹു പറയുന്നു, അവൻ പ്രതാപവാനും കഠിനശിക്ഷാനടപടികൾ കൈക്കൊള്ളുന്നവനുമാണെന്ന്. തന്റെ ശിക്ഷാനടപടികൾ കഠിനവും ക്രൂരവും ആയിരിക്കുമെന്ന്. അല്ലാഹു(ത) ഈ വചനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

വിശുദ്ധഖുർആനിൽ, അല്ലാഹുവിന്റെ ശിക്ഷാനടപടികളെക്കുറിച്ച് പല അവസരങ്ങളിൽ വിശദമാക്കിയിരിക്കുന്നു.

ആയതിനാലാണ്, വിധിനാൾവരെ നിലനില്ക്കുന്ന ഈ വിശുദ്ധഖുർആൻ ആഴത്തിൽ അപഗ്രഥിച്ചു പഠനം നടത്തുവാനായി മുന്നോട്ടു വച്ചിരിക്കുന്നത്.

## അന്നഹ്ൽ

**128. "ക്ഷമിക്കുക, ക്ഷമ നിനക്ക് കൈവന്നതും, അല്ലാഹുവിന്റെ സഹായത്താൽ മാത്രമാണ്. നീ അവർക്കു വേണ്ടി വ്യസനിക്കേണ്ട. അവർ തന്ത്രം പ്രയോഗിക്കുന്നതിനാൽ നീ ഞെരുക്കത്തിലാവരുത്" (16:128)**

പ്രവാചകന്മാരുടെ മുദ്രയും, നേതാവും, സർവ്വലോക മുസ്ലിംകളുടെയും ആത്മീയ പിതാവുമായ തിരുനബി(സ)യെ അഭിസംബോധന ചെയ്തുകൊണ്ട്, അദ്ദേഹത്തോട് ക്ഷമ അവലംബിക്കുവാൻ അല്ലാഹു ആവശ്യപ്പെടുന്നു. കാരണം അല്ലാഹു ഒരേ ഒരാൾ മാത്രമാണ്. അദ്ദേഹത്തെ സഹായിക്കുന്നതിനും, പിന്തുണയ്ക്കുന്നതിനുമായി മുന്നോട്ടു വരുന്നത് മുഹമ്മദ് നബി(സ), പീഡനക്കു വിധേയനാക്കപ്പെട്ട വേളയിലെല്ലാം തന്നെ, അദ്ദേഹം ആ കൊടിയ യാതനകളെ അത്യധികം വേദനയോടെ നേരിട്ടു. അല്ലാഹു അദ്ദേഹത്തെ കഠിനപരീക്ഷണങ്ങൾക്കു വിധേയനാക്കുകയും, ക്ഷമ അവലംബിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. അല്ലാഹു(ത) എപ്പോഴും തന്റെ പ്രവാചകന്റെ ഒപ്പം തന്നെ ആയിരുന്നു. ഈ

വചനത്തിന്റെ ആന്തരികാർത്ഥത്തെപ്പറ്റി ചിന്തിക്കുമ്പോൾ, നമുക്ക് മനസ്സിലാക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഈ ലോകത്ത് ഒരാൾക്കും മറ്റൊരാൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ തരണം ചെയ്യാനാവില്ല.

മനുഷ്യൻ ദുർബ്ബലനാണ്. അവനിൽ തെറ്റുകളും, കുറ്റങ്ങളും, പാപങ്ങളും നിറഞ്ഞിരിക്കുന്നു. സാധാരണഗതിയിൽ, അവനെന്തെങ്കിലും, ബുദ്ധിമുട്ടുകൾ വന്നാൽ അവൻ തന്റെ സമസൃഷ്ടികളിലേക്ക് ചാഞ്ഞുപോകും. അവൻ തന്റെ ബുദ്ധിമുട്ടുകൾ അല്ലാഹുവിനോട് അല്ല പറയുക, മറിച്ച്, തന്റെ സഹജീവികളായ മനുഷ്യരോടാണ്.

വാസ്തവത്തിൽ, സർവ്വലോകസ്രഷ്ടാവായ അല്ലാഹുവിന്റെ അരികിലേക്കാണ് നാം നമുക്കൊരു വിഷയം(പ്രശ്നം) വരുമ്പോൾ, പോകേണ്ടത്. അവനാണ് സർവ്വതിന്റേയും പരിഹാരമാർഗ്ഗങ്ങൾ പറഞ്ഞുതരാൻ കഴിവുള്ളവൻ. അവന്റെ കയ്യിൽ മാത്രമേ സർവ്വതിനും പരിഹാരമുള്ളു. തീർച്ചയായും, അല്ലാഹു വാക്കുപാലിക്കുന്നവൻതന്നെയാണ്. തന്നെ അഭയം പ്രാപിക്കുന്നവരെ അവൻ സഹായിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നു. ഉയർന്ന ധാർമ്മിക മൂല്യങ്ങൾ പുലർത്തിക്കൊണ്ട്, അവന്റെ (അല്ലാഹുവിന്റെ) മുമ്പിൽ കേണപേക്ഷിച്ചുകൊണ്ട്, ദുആ ചെയ്യുന്നവരെ അവൻ കൈവിടില്ല തന്നെ. അവൻ നമുക്ക് സമാശ്വാസം പകർന്നു നല്കുകയും, ഒരു പുത്തൻ കാഴ്ചപ്പാടിനുടമയാക്കി നമ്മുടെ കാലടികളെ ഉറപ്പിച്ചു നിർത്തുകയും ചെയ്യും. അല്ലാഹു(ത) തന്റെ പ്രിയ പ്രവാചകനെ(സ) ആശ്വസിപ്പിക്കുകയും, ക്ഷമ പാലിക്കുവാനും, അക്രമികളുടെ ചെയ്തികളെ ഓർത്ത് വ്യാകുലനാവുകയോ, ആശങ്കപ്പെടുകയോ ചെയ്യേണ്ടതില്ല എന്നും ഓർമ്മിപ്പിക്കുകയും ചെയ്തു. ഇതെന്തുകൊണ്ടാണെന്നറിയാമോ? അവർ, ആ അക്രമികൾ, തിരുനബി(സ) യെ ഇല്ലാതാക്കുന്നതിനുള്ള ഗൂഢതന്ത്രങ്ങൾ മെനയുകയായിരുന്നു. അങ്ങനെയുള്ളവരെ ഓർത്ത് എന്തിന് വ്യസനപ്പെടണം?

അവരെ ഹൃദയത്തിൽ നിന്നു തന്നെ എടുത്തു മാറ്റുവാൻ തിരുനബി (സ)യോട് അല്ലാഹു ആവശ്യപ്പെടുന്നു. അല്ലാഹു അവന്റെ കൊടിയ ശിക്ഷ ആ അക്രമികളിലേക്ക് ഇറക്കിയപ്പോൾ തിരുനബി (സ)യുടെ ഹൃദയം അവരെയോർത്ത് തരളിതമായി. തന്റെ സ്വന്തം ആളുക്കാർ ഉണ്ടാക്കിയ കുതന്ത്രങ്ങളെപ്പറ്റി ഈ

വചനത്തിലൂടെ അല്ലാഹു(ത) അദ്ദേഹത്തിന് വെളിപ്പെടുത്തിക്കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം നുറുങ്ങി. സങ്കടവും, വിഷമങ്ങളും കാരണം തിരുനബി (സ)പൊട്ടിക്കരഞ്ഞു. അദ്ദേഹം അനുഭവിച്ച വേദനയെന്തെന്ന് മറ്റാർക്കും അനുഭവിച്ചറിയുവാൻ സാധ്യമല്ല.

നമ്മുടെ നാട്ടിൽ സ്ഥിരം പറയാറുള്ള ഒരു ചൊല്ലുണ്ട്.

കുന്നിൻ മുകളിലൊരു തീയുണ്ടാൽ അത് ലോകമറിയും. എന്നാൽ ഒരുത്തന്റെയുള്ളിലെ തീ അല്ലാഹു അല്ലാതെ മറ്റാരും അറിയില്ല.

അതെ, നമ്മുടെ ഹൃദയവേദന അല്ലാഹു അല്ലാതെ മറ്റാരും അറിയുന്നില്ല. അല്ലാഹു (ത) തിരുനബി(സ)യെയും, അദ്ദേഹത്തിന്റെ പാത പിന്തുടരുന്ന എല്ലാ സത്യവിശ്വാസികളെയും ആശ്വസിപ്പിക്കുക തന്നെ ചെയ്യും. ആയതിനാൽ നാമെല്ലാവരും നമ്മുടെ റബ്ബിന്റെ സന്നിധിയിലേക്ക് സഹായവും, സംരക്ഷണവും യാചിച്ചുകൊണ്ട് വിനയപൂർവ്വം ചെല്ലേണ്ടതാണ്. അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.

**129. "സൂക്ഷ്മത കൈക്കൊള്ളുകയും, നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു." (16:129)**

സൂക്ഷ്മത കൈക്കൊള്ളു(മുത്തഖി)ന്നവർ, അല്ലാഹുമായി കരുത്തുള്ള ബന്ധം പുലർത്തുന്നവരാണ്. എത്രയെന്നു വെച്ചാൽ, അവുരെട ആ ബന്ധം കാരണം, അല്ലാഹു അവരുടെ സംരക്ഷകനായി മാറുകയും, എല്ലാവിധ പാപങ്ങളിൽ നിന്നും അവർക്കൊരു പരിചയായി വർത്തിക്കുകയും ചെയ്യും. മുഹ്സിൻ (നന്മ ചെയ്യുന്നവർ (മുത്തഖിയേക്കാൾ ഒരുപടി ഉയർന്ന ആത്മീയ നിലവാരം പുലർത്തുന്നവരാണ്. ഇത്തരം ആൾക്കാർ, അവർ അല്ലാഹുവിന്റെ സംരക്ഷണവലയത്തിലാണെങ്കിലും, അവർ മറ്റുള്ളവരെക്കൂടി അല്ലാഹുവിന്റെ സംരക്ഷണ വലയത്തിലേക്ക് കൊണ്ടുവരാൻ ശ്രമിയ്ക്കുന്നവരാണ്. ഈ വചനത്തിൽ നിന്നും നമുക്ക് ഗ്രഹിയ്ക്കുവാൻ കഴിയുന്ന വസ്തുത. ഒരു മുഹ്സിൻ, മുത്തഖിയെക്കാൾ ഉയർന്ന ആത്മീയ നിലവാരം പുലർത്തുന്നവരാണ് എന്നതാണ്.


ഈ വചനത്തെ വിശദീകരിക്കുവാനായി, ഹസ്രത്ത് മുഹമ്മദ്(സ) എടുത്തു കാട്ടുന്ന ഉദാഹരണം ഇതാണ്. ഒരു പള്ളിയിൽ

ആയിരക്കണക്കിന് ആൾക്കാർ കൂടുന്നു. അവർ അവിടെ നമസ്ക്കരിക്കുകയും, കുറച്ച് നേരം ദുആയിലേർപ്പെടുകയും ചെയ്ത ശേഷം അവരവരുടെ വഴിക്ക് പിരിഞ്ഞു പോകുന്നു. മറ്റൊരു പള്ളിയിൽ കുറച്ച് ആളുകൾ മാത്രം. അല്ലാഹുവിനെ ഭയന്നു കൊണ്ട് അവർ അവിടെ അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു എണ്ണം നോക്കിയല്ല ഗുണം നോക്കിയാണ് ആൾക്കാരെ വിലയിരുത്തുന്നത്. മുത്തഖി, മുഹ്സിൻ ഇവരുടെ ഗുണവിശേഷങ്ങൾ ഈ ഉദാഹരണത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

അല്ലാഹു ഓരോ വിശ്വാസിയുടെയും ഹൃദയത്തിലേക്കാണ് മൂല്യനിർണ്ണയത്തിനായി നോക്കുന്നത്. അവർ അല്ലാഹുവിന്റെ ഏകത്വത്തെ പ്രകീർത്തിക്കുകയും, മറ്റുള്ളവരിലേക്ക് ഈ സന്ദേശം എത്തിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിനാൽ അല്ലാഹു അവരെ ഏറെ സ്നേഹിക്കുന്നു. അവർ അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റേയും വാക്കുകൾ പാലിക്കുന്നതോടൊപ്പം, അഗതി സംരക്ഷണത്തിലും, ദരിദ്രരെ സഹായിക്കുന്നതിലും, സക്കാത്ത് നല്കുന്നതിലും ഹൃദയപൂർവ്വം ഇടപെടുകയും ചെയ്യുന്നു.

അവർ തങ്ങളുടെ ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവരുമാണ്. അവർ സത്യത്തിനും, നീതിയ്ക്കും വേണ്ടി നിലകൊള്ളുന്നവരാണ്. ഓരോ കാര്യനിർവ്വഹണത്തിനും മുന്നോടിആയി, അവർ അല്ലാഹുവിന്റെ നിയമങ്ങളെ മുൻനിർത്തി, ശരി തെറ്റുകൾ വിവേചിച്ചറിയുന്നു. ഈ കർമ്മങ്ങളെയാണ് ഇബാദത്ത് എന്നു പറയുന്നത്. അതിനാൽ തന്നെയാണ് അല്ലാഹു മുത്തഖികളോടും, മുഹ്സിനുകളോടും ഒപ്പം ആയരിക്കും എന്ന് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നത്.

ഇൻശാ അല്ലാഹ് ! ആമീൻ!



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***